**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1405** 19-09-2025 - ൽ മറുപടിയ്ക്ക്

**വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2024-ൽ സംസ്ഥാനത്തെത്തിച്ചേർന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | 7,38,374 വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്തുന്ന വിദേശ വിനോദ സഞ്ചാരികൾക്ക് അതിവേഗം പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിലെത്തുന്നതിനും അടിയന്തരഘട്ടങ്ങളിൽ അവരുടെ സുരക്ഷിതത്വം ഉറപ്പിക്കുന്നതിനും വേണ്ട സംവിധാനം ഒരുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ; | (ബി) | ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലുമായി 180 ടൂറിസം പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്.<br><br>പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിയ്ക്കുകയും കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് പോലീസ് വകുപ്പുമായും ഇതര വകുപ്പുകളുമായും ചേർന്നു നടപടികൾ സ്വീകരിച്ചും വരുന്നു. സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച് വിനോദസഞ്ചാരികൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനുള്ള നടപടികൾ, അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കി വരുന്നു. |
| (സി) | സംസ്ഥാനത്തെ മനോഹരമായ ഭൂപ്രകൃതി, ആകാശ കാഴ്ചകൾ എന്നിവ വിദേശ വിനോദ സഞ്ചാരികൾക്ക് ആസ്വദിക്കാൻ പാകത്തിലുള്ള പാക്കേജുകൾ ഹെലി ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ; | (സി) | കേരളത്തിന്റെ മനോഹാരിത പുതിയൊരു കാഴ്ചപ്പാടിലൂടെ ആസ്വദിക്കുന്നതിനും കുറഞ്ഞ സമയത്തിനുള്ളിൽ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് എത്തിച്ചേരുന്നതിനും ഹെലി ടൂറിസം സഞ്ചാരികളെ പ്രാപ്തരാക്കുന്നു. ഹെലിടൂറിസം വിനോദസഞ്ചാരികൾക്ക് ഒരു പുതിയ ഉത്പന്നം എന്നതിനു പുറമെ വിവിധ നിക്ഷേപ സാദ്ധ്യതകളും ഈ മേഖല തുറന്നിടും. സാധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹെലിപാഡുകളും |

| | | | |
|---|---|---|---|
| | | | അനുബന്ധ സൗകര്യങ്ങളും ഒരുക്കുക, ഹെലികോപ്റ്റർ സേവനങ്ങൾ ലഭ്യമാക്കുക മുതലായവ മുതൽ വിനോദസഞ്ചാരികൾക്ക് ആവശ്യമായ പാക്കേജുകളും, മറ്റ് പ്രവർത്തനങ്ങളും ഒരുക്കുക വരെ വിവിധങ്ങളായ നിക്ഷേപാവസരങ്ങൾ ഇതിന്റെ ഭാഗമായി സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഹെലി ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് സ്വകാര്യ നിക്ഷേപകരുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (ഡി) | സ്വകാര്യ നിക്ഷേപകരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഇ) | ആഗോള ടൂറിസം രംഗത്ത് ഒരു ബ്രാൻഡായി സംസ്ഥാനം ശ്രദ്ധിക്കപ്പെടാനും വിദേശ വിനോദ സഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനുമായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഇ) | കേരളത്തിന്റെ പ്രകൃതി സൗന്ദര്യവും സാംസ്കാരിക സമൃദ്ധിയും പ്രദർശിപ്പിക്കുന്നതിന് അവസരം ഒരുക്കുവാൻ വിനോദ സഞ്ചാരവകുപ്പ് "എന്റെ കേരളം എന്നും സുന്ദരം" എന്ന പദ്ധതി നടപ്പിലാക്കി. എല്ലാവരും അവരവർക്ക് പ്രിയപ്പെട്ട സ്ഥലങ്ങളുടെ ഫോട്ടോകളും വീഡിയോകളും പോസ്റ്റ് ചെയ്യുകയും അതിൽനിന്ന് തെരഞ്ഞെടുക്കുന്നവ കേരള ടൂറിസത്തിന്റെ മ്യൂസിക് വീഡിയോയിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നതാണ് ടി ക്യാമ്പയിൻ.<br><br>വിനോദസഞ്ചാര വകുപ്പിന്റെ സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ ആക്ടിവിറ്റി എന്ന പദ്ധതി വഴി കേരളത്തിന്റെ സൗന്ദര്യവും സാംസ്കാരിക സമ്പന്നതയും ലോകമെമ്പാടുമുള്ള പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർമാരെ പ്രയോജനപ്പെടുത്തി കേരളത്തിന്റെ മനോഹരമായ കാഴ്ചകൾ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ആകർഷകമായ ഫോട്ടോകളും വീഡിയോകളും വഴി അവതരിപ്പിക്കുന്നു.<br><br>മിഡിൽ ഈസ്റ്റിൽ നിന്നും യൂറോപ്പിൽ നിന്നും കൂടുതൽ വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനായി സോഷ്യൽ മീഡിയ, ഒ.ടി.ടി., എഫ്.എം. റേഡിയോ, എയർപോർട്ട് തുടങ്ങി വിവിധ പ്ലാറ്റ്ഫോമുകളിൽ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ Middle East Campaign 2024, International UK OOH Campaign, International Europe Campaign 2023, Destination Wedding Campaign, What's App Campaign, Holiday Heist, Land of Harmony Video Series തുടങ്ങിയ ഇന്റർനാഷണൽ ക്യാമ്പയിനുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ ഹ്യൂമൻ ബൈ നേച്ചർ എന്ന ബ്രാൻഡ് ക്യാമ്പയിൻ ആഗോള ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. |

| | | | |
|---|---|---|---|
| | | | സാഹസിക വിനോദസഞ്ചാര മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പാരാഗ്ലൈഡിംഗ്, സർഫിംഗ്, മൗണ്ടൻ സൈക്ലിംഗ്, വൈറ്റ് വാട്ടർ കയാക്കിംഗ് തുടങ്ങിയ വിവിധ സാഹസിക വിനോദസഞ്ചാര മത്സരങ്ങൾ വകുപ്പ് നടത്തുകയുണ്ടായി. ഇതുവഴി സാഹസിക വിനോദ സഞ്ചാരമേഖലയിൽ താൽപ്പര്യമുള്ള വിദേശ സഞ്ചാരികൾ കേരളം സന്ദർശിക്കുന്നതിനുള്ള സാധ്യതകൾ വർദ്ധിച്ചിട്ടുണ്ട്.<br><br>വിദേശ വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിദ്ധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി WTM ലണ്ടൻ, PATA ട്രാവൽമാർട്ട്, FITUR മാഡ്രിഡ്, ITB Berlin, MITT Moscow തുടങ്ങി വിവിധ അന്താരാഷ്ട്ര ടൂറിസം വിപണന മേളകളിൽ സ്ഥിരമായി പങ്കെടുക്കുകയും, Sydney, Melbourne, Frankfurt, Munich, Barcelona, Milan, Paris, London തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ വർഷാവർഷം ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചും വരുന്നു.<br><br>കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ വർദ്ധനവ് കാണിക്കുന്നത് വിനോദസഞ്ചാര വകുപ്പ് നടത്തുന്ന പ്രചരണ പ്രവർത്തനങ്ങളെല്ലാം ഫലപ്രദമാണെന്നാണ്. |

സെക്ഷൻ ഓഫീസർ